## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 474** — **27.09.2011 ൽ മറുപടിയ്ക്ക്**

### കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നതിനുള്ള അനുമതി

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ | ഉത്തരം<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാട്ടുപന്നികളെവെടിവച്ചുകൊല്ലുന്നതിനുള്ള അനുമതി എന്നുമുതൽ എന്തുനിബന്ധനയുടെ അടിസ്ഥാനത്തിലാണ് നൽകി തുടങ്ങിയത്; | (എ) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലാൻ അനുമതി നൽകിയത് 17.06.2011 മുതലാണ്. താഴെപ്പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലുന്നതിനുള്ള അനുമതി നൽകുന്നത്<br><br>1) കാട്ടുപന്നിയുടെ ആക്രമണം മൂലം നിരന്തരം കൃഷിനാശം സംഭവിക്കുമ്പോൾ ബന്ധപ്പെട്ട റെയിഞ്ചാഫീസർ/അസി. വൈൽഡ് ലൈഫ് വാർഡന് കാട്ടുപന്നിയെ വെടിവെച്ചുകൊല്ലണമെന്ന് ആവശ്യപ്പെട്ട് കർഷകൻ അപേക്ഷ സമർപ്പിക്കണം.<br><br>2) ഇപ്രകാരം അപേക്ഷ ലഭിച്ചാൽ റെയിഞ്ചാഫീസർ/അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ, വനസംരക്ഷണസമിതി പ്രസിഡൻറ് / ഇക്കോ ഡവലപ്മെൻറ് കമ്മിറ്റി പ്രസിഡൻറ്/ഗ്രാമപഞ്ചായത്ത് അംഗം എന്നിവരുമായി കൂടിയാലോചിച്ച് അപേക്ഷയുടെ നിജസ്ഥിതി ഉറപ്പുവരുത്തി കാട്ടുപന്നിയെ വെടിവെച്ചുകൊല്ലാനുള്ള തീരുമാനം അപേക്ഷ ലഭിച്ച് 3 ദിവസത്തിനകം കർഷകനെ അറിയിക്കേണ്ടതാണ്.<br><br>3) കാട്ടുപന്നിയെ വെടിവച്ചുകൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗൻ 2 പൊതുജനങ്ങളുടെ സാന്നിധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്. |

പാടില്ലാത്തതാകുന്നു.

5) കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് 3 അടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ചുകളയേണ്ടതോആണ്.

6) ഇത്തരം കേസുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

7) എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും സ്ഥലം എം. എൽ. എ. യും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൻെറ പ്രസിഡൻറിനെയും കർഷക സംഘടനാ പ്രതിനിധികളെയും, തദ്ദേശീയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ഈ കമ്മറ്റി പന്നികളെ വെടിവെച്ച് കൊല്ലാനുള്ള ഉത്തരവ് നടപ്പാക്കിക്കഴിഞ്ഞാൽ, ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

8) ഒരുവർഷത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനതലത്തിലായിരിക്കും ഇതു നടപ്പിലാക്കുന്നത്.

ഇപ്രകാരം വിളനാശം ഉണ്ടാക്കുന്ന കാട്ടുപന്നുകളെ വെടിവെച്ചുകൊല്ലുന്നത് താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും

1) കയ്യേറിയ വനഭൂമിയിൽ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ അനുവാദം നൽകുന്നതല്ല.

2) മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.

3) അംഗീകൃത പട്ടികവർഗ്ഗ കോളനികളിൽ ഒഴികെ മറ്റ് വനപ്രദേശങ്ങളിൽ യാതൊരു കാരണവശാലും കാട്ടുപന്നികളെ വെടിവ്വെച്ച് കൊല്ലാൻ പാടുള്ളതല്ല.

4) സർക്കാർ ചെലവിൽ ആനക്കിടങ്ങുകൾ നിർമ്മിച്ചതോ, സോളാർ ഫെൻസിംഗ് സ്ഥാപിച്ചതോ, കൽക്കെട്ടുകൾ ഉണ്ടാക്കി സംരക്ഷിച്ചിട്ടുള്ളതോ ആയ കൃഷിയിടങ്ങളിൽ കാട്ടുപന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലുവാൻ പാടില്ല.

5) ഒരു കാട്ടുപന്നിയെ ഇപ്രകാരം വെടിവെയ്ക്കാൻ ഒരുങ്ങുമ്പോൾ അത് വനത്തിലേയ്ക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്ത് കയറി വെടിവെയ്ക്കാൻ പാടില്ലാത്തതാണ്.

6) വെടിവെച്ചുകൊല്ലപ്പെടുന്ന പന്നിയെ സംസ്ക്കരിക്കുന്നതിന് 500/- (അഞ്ഞൂറ്) രൂപ പ്രതിഫലം നൽകുന്നതാണ

**(ബി)** ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കാട്ടുപന്നികളെ വെടിവെച്ചു കൊന്നിട്ടുണ്ട്; കൊല്ലപ്പെട്ട കാട്ടുപന്നികളുടെ മാംസം എന്തു ചെയ്തു.

**(ബി)** ഇതിന്റെ അടിസ്ഥാനത്തിൽ കാട്ടുപന്നികളെ വെടിവെച്ച് കൊന്നിട്ടില്ല.

**(സി)** വെടിവെച്ചുകൊന്നതു കർഷകൻ തന്നെയാണോ എന്നും വനം വകുപ്പ് അധികൃതരുടെ അനുമതി വാങ്ങിയിരുന്നോയെന്നും ഉറപ്പു വരുത്തിയിട്ടുണ്ടോ ;

**(സി)** ചോദ്യം ഉദിയ്ക്കുന്നില്ല.

**(ഡി)** തെരുവു നായ്ക്കളെ കൊല്ലാതെ വിടുമ്പോൾ കാട്ടുപന്നികളെ വെടിവെച്ചുകൊല്ലാൻ അനുമതി നൽകുന്നതിലെ ഔചിത്യം എന്തെന്ന് വ്യക്തമാക്കുമോ ?

**(ഡി)** കാർഷിക വിളകൾക്കും മനുഷ്യജീവനും ഹാനിവരുത്തുന്ന വന്യജീവി ആക്രമണങ്ങളെ കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച വിദഗ്ധ കമ്മറ്റിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ചുകൊല്ലാൻ ഒരു വർഷത്തേക്ക് അനുമതി നൽകിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**